പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1292 20.03.2012 ലെ മറുപടിക്ക്

<u>മെസ്ഗേൾ നിയമനത്തിലെ ക്രമക്കേടുകൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തെ പൂച്ചെടിവിളയിലെ പെൺകുട്ടികളുടെ ഹോസ്റ്റലിലേയ്ക്ക് 28.02.2011 ന് മെസ്ഗേൾ തസ്തിക യ്ക്കായി നടന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് രണ്ടു പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് ; മെസ്സ് ഗേൾ തസ്തികയിലേക്ക് തെരഞ്ഞെടുത്ത 4 പേരിൽ രണ്ടുപേർക്ക് മെസ്സ് ഗേൾ ആയി നിയമനം നൽകി യിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇന്റർവ്യൂവിൽ ക്രമവിരുദ്ധ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയതു റദ്ദു ചെയ്ത് അതേ ലിസ്റ്റിൽ നിന്ന് സുതാര്യമായ രീതി യിൽ ഇന്റർവ്യൂ നടത്തി നിയമനം നൽകുന്ന തിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | ക്രമ വിരുദ്ധമായ നടപടികൾ ഉണ്ടായിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് നിലവിൽ കേസുകൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. ശ്രീമതി. സുമാദേവി, സുമാ നിവാസ്, പുല്ലാകോണം പേരൂർക്കട പി.ഒ എന്നയാൾ ബഹു. കേരള ലോകായുക്തയിൽ 1575/2011-ബി നമ്പരായി ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ